ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090

ഇ-മെയിൽ-director.mwd@gmail.com

വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.MWD/484/2025-S തീയതി.16-12-2025

**സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.ടി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ഫീസ്-റീ ഇംബേഴ്സ്മെന്റ് സ്കീം 2025-26 വർഷത്തെ അപേക്ഷ ക്ഷണിച്ചു.**

## വിജ്ഞാപനം

സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.ടി.ഐ-കളിൽ ഒന്ന്/രണ്ട് വർഷത്തെ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായി ഫീസ് – റീ ഇംബേഴ്സ്മെൻറ് ചെയ്ത് നൽകുന്നതിലേക്കായി കേരള സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്. ഒരു വർഷത്തെ കോഴ്സിന് 10,000/- രൂപയും രണ്ടു വർഷത്തെ കോഴ്സിന് 20,000/- രൂപയുമാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത്. ബി പി എൽ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് മുൻഗണന ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും. 10% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. *www.mwdscholarship.kerala.gov.in* – എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെനു ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. 07.01.2026 ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ upload ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുള്ളിൽ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2300523, 0471-2300524, 0471-2302090 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**അപേക്ഷിക്കേണ്ട രീതി:**

1. *www.mwdscholarship.kerala.gov.in*– എന്ന വെബ് സൈറ്റിലെ "One-time registration"-ൽ ക്ലിക്ക് ചെയ്യുക.

Scanned with OKEN Scanner

2. യൂസർനെയിമും പാസ്സ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക

3. പ്രൊഫൈൽ പൂർണമായി രേഖപ്പെടുത്തുക

4. വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുക.

5. Apply for scholarship - ൽ ക്ലിക്ക് ചെയ്യുക.

6. Final submit & download print- യിൽ ക്ലിക്ക് ചെയ്യുക

<u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.

2. എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.

3. ഐ.ടി.ഐ. കളിൽ പഠിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖകൾ

   (അഡ്മിഷൻ കാർഡ്, ട്യൂഷൻ ഫീസ് ഒടുക്കിയതിന്റെ രസീത്, ഐ.ഡി.കാർഡ് ഇടങ്ങിയവ)

4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).

5. ആധാർ കാർഡിന്റെ പകർപ്പ്

6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.

7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

8. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ)

9. റേഷൻ കാർഡിന്റെ പകർപ്പ്

10. മാർക്ക് ലിസ്റ്റിന്റെ പകർപ്പ് (രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് ഒന്നാം വർഷം പാസ്സ് ആയതിന്റെ മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലെങ്കിൽ വിജ്ഞാപനത്തിനൊപ്പം നൽകിയിരിക്കുന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്).

<u>സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്</u>

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം.

Scanned with OKEN Scanner

2. സ്കോളർഷിപ്പ് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് 75% അറ്റൻഡൻസ് സ്ഥാപന മേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം.

3. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പ് വരുത്തണം.

4. ബാങ്ക് അക്കൗണ്ട് സംബന്ധമായ എല്ലാ രേഖകൾ (Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.

5. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം.

6. പ്രൈവറ്റ് ഐ.റ്റി.ഐ – കൾ ഓൺലൈൻ മുഖേന വെരിഫിക്കേഷനും അപ്രൂവലും ചെയ്ത അപേക്ഷകൾ നേരിട്ടോ, തപാൽ മുഖേനയോ ന്യൂനപക്ഷക്ഷേമ വകുപ്പിലേക്ക് എത്തിക്കേണ്ടതുമാണ്. വിലാസം:- ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695033.

<u>അവസാന തീയതി</u>

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: 09.01.2026

2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിൻറൗട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി. 12.01.2026

3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി 14.01.2026

4. സ്ഥാപനമേധാവികൾ അപ്രൂവൽ നൽകിയ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി.17.01.2026

വിശ്വസ്തതയോടെ

SABIN SAMEED IAS

ഡയറക്ടർ

Signed by
Sabin Sameed
Date: 16-12-2025 13:18:29

Scanned with OKEN Scanner

# <u>സമ്മതപത്രം</u>

ഞാൻ ........................................(പേര്) ........................................................................ (ഐ.ഡി നമ്പർ) ...............................................വർഷം ഐ.റ്റി.സി ഫി- റീ ഇമ്പേഴ്സ്മെന്റ് സ്കോളർഷിപ്പ് അപേക്ഷ സമർപ്പിക്കുന്നു. എന്റെ മുൻവർഷത്തെ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ലഭിക്കാത്തതിനാൽ ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ മാർക്ക് ലിസ്റ്റ് ലഭിക്കുമ്പോൾ എല്ലാ വിഷയവും വിജയിച്ചിട്ടില്ലെങ്കിൽ സ്കോളർഷിപ്പ് ഇനത്തിൽ കൈപ്പറ്റുന്ന തുക തിരിച്ച് അടച്ച് കൊള്ളാമെന്ന് ഞാൻ സമ്മതിക്കുന്നു.

**വിദ്യാർത്ഥിയുടെ പേര്: ഒപ്പ്**

**സ്ഥാപനമേധാവിയുടെ ഒപ്പ്**